# സ്നേഹത്തിന്റെ ശക്തിയിലൂടെ സമർത്ഥമാകു, സർവ്വ ആത്മാക്കൾക്കും സുഖശാന്തിയുടെ അഞ്ജലി നൽകു

ഇന്ന് സമർത്ഥനായ ബാബ തന്റെ സ്മൃതി സ്വരൂപ, സമർത്ഥ സ്വരൂപരായ കുട്ടികളെ കാണുവാനായി വന്നിരിക്കുകയാണ്. ഇന്ന് വിശേഷിച്ച് നാനാഭാഗത്തെയും കുട്ടികളിൽ സ്നേഹത്തിന്റെ അലകൾ അലയടിച്ചു കൊണ്ടിരിക്കുകയാണ്. വിശേഷിച്ച് ബ്രഹ്മാബാബയുടെ സ്നേഹത്തിന്റെ ഓർമ്മകളിൽ അലിഞ്ഞ് ചേർന്നിരിക്കുകയാണ്. ഈ സ്നേഹം ഓരോ കുട്ടികളുടെയും ഈ ജീവിതത്തിന്റെ വരദാനമാണ്. പരമാത്മാ സ്നേഹം തന്നെ താങ്കൾ എല്ലാവർക്കും പുതിയ ജീവിതം നൽകിയിട്ടുണ്ട്. ഓരോ കുട്ടികളെയും സ്നേഹത്തിന്റെ ശക്തി തന്നെയാണ് ബാബയുടേതാക്കിയത്. ഈ സ്നേഹത്തിന്റെ ശക്തി എല്ലാം സഹജമാക്കി തരുന്നു. എപ്പോൾ സ്നേഹത്തിൽ അലിഞ്ഞുചേരുന്നുവോ അപ്പോൾ ഏതൊരു പരിതസ്ഥിതിയും സഹജമായി അനുഭവം ചെയ്യുന്നു. ബാപ്ദാദയും പറയുന്നു സദാ സ്നേഹത്തിന്റെ സാഗരത്തിൽ അലിഞ്ഞിരിക്കു. സ്നേഹം കുടക്കീഴാണ്, ഈ കുടക്കീഴിനുള്ളിൽ ഒരു മായയുടെയും നിഴൽ പോലും വീഴുകയില്ല. സഹജമായി മായാജിത്താകുന്നു. ആരാണോ നിരന്തരം സ്നേഹത്തിൽ കഴിയുന്നത് അവർക്ക് ഏതൊരു കാര്യത്തിനായും പരിശ്രമിക്കേണ്ടി വരുന്നില്ല. സ്നേഹം സഹജമായി ബാപ്സമാനമാക്കുന്നു. സ്നേഹത്തിൽ എന്തും സമർപ്പിക്കുക സഹജമാകുന്നു.

അപ്പോൾ ഇന്നും അമൃതവേള മുതൽ ഓരോരോ കുട്ടികളും സ്നേഹത്തിന്റെ മാല ബാബയെ അണിയിച്ചു, ബാബയും സ്നേഹി കുട്ടികൾക്ക് തന്റെ സ്നേഹത്തിന്റെ മാല അണിയിച്ചു. ഈ വിശേഷ സ്മൃതി ദിവസത്തിൽ അതായത് സ്നേഹത്തിന്റെ ദിനത്തിൽ സ്നേഹത്തിൽ അലിഞ്ഞിരിക്കുന്നു, ഇങ്ങനെ തന്നെ സദാ അലിഞ്ഞ് ഇരിക്കു. അപ്പോൾ പരിശ്രമത്തിന്റെ പുരുഷാർത്ഥം ചെയ്യേണ്ടി വരികയില്ല. ഒന്നുണ്ട് സ്നേഹത്തിന്റെ സാഗരത്തിൽ അലിയുക, മറ്റൊന്ന് സ്നേഹത്തിന്റെ സാഗരത്തിൽ അല്പസമയത്തേക്ക് മുങ്ങി നിവരുക. അപ്പോൾ പല കുട്ടികളും അലിഞ്ഞിരിക്കുന്നില്ല പെട്ടെന്ന് പുറത്തേക്ക് വരുന്നു അതിനാൽ സഹജമായത് ബുദ്ധിമുട്ടാകുന്നു. അപ്പോൾ അലിയാൻ അറിയാമോ? അലിയുന്നതിൽ തന്നെയാണ് ആനന്ദം . ബ്രഹ്മാബാബ സദാ ബാബയുടെ സ്നേഹം ഹൃദയത്തിൽ അലിയിച്ചു. ഇതിന്റെ ഓർമ്മചിഹ്നം കൽക്കത്തയിൽ കാണിച്ചിട്ടുണ്ട്. (ഗംഗ സാഗരത്തിൽ ചേരുന്നു)

ഇപ്പോൾ ബാപ്ദാദ എല്ലാ കുട്ടികളിൽ നിന്നും ഇതാണ് ആഗ്രഹിക്കുന്നത് ബാബയുടെ സ്നേഹത്തിന്റെ തെളിവ് സമാനമാകുന്നതിൽ കാണിക്കൂ. സദാ സങ്കൽപത്തിൽ സമർത്ഥമാകണം, ഇനി വ്യർത്ഥത്തിന്റെ സമാപ്തി ആഘോഷം ആചരിക്കു, എന്തെന്നാൽ വ്യർത്ഥം സമർത്ഥമാകുവാൻ അനുവദിക്കുകയില്ല ഏതുവരെയും താങ്കൾ നിമിത്തമായിട്ടുള്ള കുട്ടികൾ സദാ സമർത്ഥമാകുന്നില്ലയോ അപ്പോൾ വിശ്വത്തിലെ ആത്മാക്കൾക്ക് സമർത്ഥത എങ്ങനെ നൽകും! സർവ്വ ആത്മാക്കളും ശക്തികളിൽ തീർത്തും കാലിയാണ്, ശക്തികളുടെ യാചകരായി മാറിയിരിക്കുന്നു. ഇങ്ങനെയുള്ള യാചക ആത്മാക്കളെ, അല്ലയോ സമർത്ഥ ആത്മാക്കളെ... അവരെ ഈ യാചകത്വത്തിൽ നിന്ന് മുക്തമാക്കു. ആത്മാക്കൾ താങ്കൾ സമർത്ഥ ആത്മാക്കളെ വിളിച്ചുകൊണ്ടിരിക്കുകയാണ് ഹേ മുക്തി ദാതാവിന്റെ മക്കൾ മാസ്റ്റർ മുക്തിദാതാവേ ഞങ്ങൾക്ക് മുക്തി നൽകു. എന്താ ഈ ശബ്ദം താങ്കളുടെ കാതുകളിൽ വീഴുന്നില്ലേ? കേൾക്കാൻ സാധിക്കുന്നില്ലേ? ഇപ്പോൾ വരെയും എന്താ അവനവനെ തന്നെ മുക്തമാക്കുന്നതിൽ ബിസി ആണോ? വിശ്വത്തിലെ ആത്മാക്കളെ പ്രതി തന്റെ പരിധിയില്ലാത്ത സ്വരൂപം, മാസ്റ്റർ മുക്തി ദാതാവാകുന്നതിലൂടെ സ്വയം തന്റെ ചെറിയ ചെറിയ കാര്യങ്ങളിൽ നിന്നും സ്വതവേ തന്നെ മുക്തമായി തീരും. ഇനി സമയമായി ആത്മാക്കളുടെ വിളി കേൾക്കുവാൻ. വിളി കേൾക്കാൻ കഴിയുന്നുണ്ടോ അതോ ഇല്ലയോ? പരവശ ആത്മാക്കൾക്ക് സുഖശാന്തിയുടെ അഞ്ജലി നൽകു. ഇതാണ് ബ്രഹ്മാബാബയെ ഫോളോ ചെയ്യുക.

ഇന്ന് വിശേഷിച്ച് ബ്രഹ്മാബാബയെ കൂടുതൽ ഓർമ്മിച്ചുവല്ലോ! ബ്രഹ്മാബാബയും എല്ലാ കുട്ടികളെയും സ്മൃതിയുടെയും സമർത്ഥതയുടെയും സ്വരൂപത്തിൽ ഓർമിച്ചു. പല കുട്ടികളും ബ്രഹ്മാബാബയുമായി ആത്മീയ സംഭാഷണം ചെയ്തുകൊണ്ട് മധുര മധുരമായി പരാതിയും പറഞ്ഞു അങ്ങ് ഇത്രവേഗം എന്തിന് പോയി? മറ്റൊരു പരാതി നൽകി എന്തുകൊണ്ട് ഞങ്ങളെല്ലാ കുട്ടികളോടും വിട പറഞ്ഞുകൊണ്ട് പോയില്ല? അപ്പോൾ ബ്രഹ്മാബാബ പറഞ്ഞു ഞാനും ശിവബാബയോട് ചോദിച്ചു എന്നെ പെട്ടെന്ന് എന്തിന് വിളിച്ചു? അപ്പോൾ ബാബ പറഞ്ഞു അഥവാ താങ്കളോട് വിട പറഞ്ഞിട്ട് വരൂ എന്ന് പറയുകയാണെങ്കിൽ എന്താ താങ്കൾക്ക് കുട്ടികളെ വിടുവാൻ കഴിയുമായിരുന്നോ അതോ കുട്ടികൾക്ക് താങ്കളെ വിടുവാൻ കഴിയുമായിരുന്നോ? താങ്കൾ അർജുനന്റെ ഓർമ്മ ചിഹ്നമേ ഇതാണ് അന്തിമത്തിൽ നഷ്ടോമോഹ സ്മൃതി സ്വരൂപത്തിൽ തന്നെ ഇരിക്കുന്നു. അപ്പോൾ ബ്രഹ്മാബാബ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, അത്ഭുതമായിരുന്നു കുട്ടികൾപോലും മനസ്സിലാക്കിയില്ല പോവുകയാണ്, ബ്രഹ്മാവും മനസ്സിലാക്കിയില്ല പോവുകയാണ്.

മുന്നിലുണ്ടായിരുന്നിട്ടും ഇരുഭാഗവും നിശബ്ദരായിരുന്നു എന്തെന്നാൽ സമയമനുസരിച്ച് സൺ ഷോസ് ഫാദറിന്റെ പാർട്ട് ഡ്രാമയിൽ അടങ്ങിയിട്ടുണ്ടായിരുന്നു. ഇതിനെയാണ് പറയുന്നത് ആഹാ ഡ്രാമ ആഹാ ! സേവനത്തിന്റെ പരിവർത്തനം വിധിക്കപ്പെട്ടിട്ടുള്ളതായിരുന്നു. ബ്രഹ്മാബാബയ്ക്ക് കുട്ടികളുടെ നട്ടെല്ലായി മാറണമായിരുന്നു. അപ്പോൾ അവ്യക്ത രൂപത്തിൽ തീവ്ര സേവനത്തിന്റെ പാർട്ട് തന്നെ അഭിനയിക്കണമായിരുന്നു.

വിശേഷിച്ച് ഇന്ന് ഡബിൾ വിദേശികൾ വളരെ മധുര മധുരമായ പരാതികൾ നൽകിയിട്ടുണ്ട്. ഡബിൾ വിദേശികൾ പരാതി പറഞ്ഞോ? ഡബിൾ വിദേശികൾ ബ്രഹ്മാബാബയോട് പറഞ്ഞു  വെറും രണ്ടു മൂന്ന് വർഷം കൂടി അങ്ങ് നിന്നിരുന്നുവെങ്കിൽ ഞങ്ങൾക്ക് കാണാമായിരുന്നു. അപ്പോൾ ബ്രഹ്മാബാബ ചിരിയോടെ പറഞ്ഞു  അപ്പോൾ ഡ്രാമയോട് പറയൂ ഡ്രാമാ ഇങ്ങനെ എന്തുകൊണ്ട് ചെയ്തു? എന്നാൽ ഈ ലാസ്റ്റ് സോ ഫാസ്റ്റിന്റെ ഉദാഹരണം ആവുക തന്നെ വേണമായിരുന്നു ഭാരതത്തിൽ ആകട്ടെ വിദേശത്താകട്ടെ അതിനാൽ ഇപ്പോൾ ലാസ്റ്റ് സോ ഫാസ്റ്റിന്റെ പ്രത്യക്ഷ തെളിവ് കാണിക്കൂ. ഇന്ന് സമർത്ഥ ദിവസം ആചരിച്ചതുപോലെ ഇങ്ങനെ തന്നെ ഇനി ഓരോ ദിവസവും സമർത്ഥ ദിവസമാകണം. ഏതൊരു തരത്തിലും ഉള്ള ഇളക്കം ഉണ്ടാകാൻ പാടില്ല. ബ്രഹ്മാബാബ ഇന്ന് മൂന്ന് വാക്കുകളിൽ ശിക്ഷണം നൽകി (നിരാകാരി, നിർവികാരി, നിരഹങ്കാരി ) ഈ മൂന്നു വാക്കുകളുടെയും ശിക്ഷാസ്വരൂപമാകു. മനസാ നിരാകാരി, വാചാ നിരഹങ്കാരി, കർമ്മണാ നിർവികാരി. സെക്കൻഡിൽ സാകാര സ്വരൂപത്തിൽ വരു, സെക്കൻഡിൽ നിരാകാരി സ്വരൂപത്തിൽ സ്ഥിതിചെയ്യു. ഈ അഭ്യാസം മുഴുവൻ ദിവസത്തിൽ വീണ്ടും വീണ്ടും ചെയ്യൂ. ഇങ്ങനെയല്ല കേവലം ഓർമ്മയിൽ ഇരിക്കുന്നതിന്റെ സമയം നിരാകാരി സ്ഥിതിയിൽ സ്ഥിതി ചെയ്യുക, എന്നാൽ ഇടയ്ക്കിടെ സമയം എടുത്ത് ഈ ദേഹ ബോധത്തിൽ നിന്ന് വേറിട്ട് നിരാകാരി ആത്മ സ്വരൂപത്തിൽ സ്ഥിതിചെയ്യുന്നതിനുള്ള അഭ്യാസം ചെയ്യൂ . ഏതൊരു കാര്യം ചെയ്തോളൂ , കാര്യം ചെയ്തു കൊണ്ടും ഈ അഭ്യാസം ചെയ്യൂ, ഞാൻ നിരാകാരി ആത്മാവ് ഈ സാകാര കർമ്മേന്ദ്രിയങ്ങളുടെ ആധാരത്തിലൂടെ കർമം ചെയ്യിക്കുകയാണ്. നിരാകാരി സ്ഥിതി ചെയ്യിക്കുന്ന ആളുടെ (ആത്മാവ്) സ്ഥിതിയാണ്. കർമ്മേന്ദ്രിയങ്ങൾ ചെയ്യുന്ന ആളാണ് ആത്മാവ് ചെയ്യിക്കുന്ന ആളാണ്. അപ്പോൾ നിരാകാരി ആത്മ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിലൂടെ നിരാകാരിയായ ബാബയെ സ്വതവേ ഓർമ്മ വരുന്നു. ബാബ എങ്ങനെയാണോ ചെയ്യിക്കുന്നയാൾ അതുപോലെ ആത്മാവായ ഞാനും ചെയ്യിക്കുന്നയാളാണ്. അതിനാൽ കർമ്മത്തിന്റെ ബന്ധനത്തിൽ ബന്ധിക്കപ്പെടുകയില്ല വേറിട്ടിരിക്കും. എന്തെന്നാൽ കർമ്മത്തിന്റെ ബന്ധനത്തിൽ കുടുങ്ങുന്നതിലൂടെ തന്നെയാണ് സമസ്യകൾ വരുന്നത്. മുഴുവൻ ദിവസത്തിൽ പരിശോധിക്കു ചെയ്യിക്കുന്ന ആത്മാവായി കർമ്മം ചെയ്യുകയാണോ? നല്ലത് ! ഇപ്പോൾ മുക്തി നൽകുന്ന കാര്യം  തീവ്രമാക്കൂ.

നല്ലത് ഇത്തവണ ആരാണോ ഈ കൽപ്പത്തിൽ ആദ്യമായി വന്നിരിക്കുന്നത് അവർ കൈ ഉയർത്തു. അപ്പോൾ പുതിയ പുതിയതായി വരുന്ന കുട്ടികൾക്ക് ബാപ്ദാദ വിശേഷിച്ച് സ്നേഹ സ്മരണകൾ നൽകുകയാണ്. സമയത്ത് ബാബയെ തിരിച്ചറിഞ്ഞ് ബാബയിൽ നിന്ന് സമ്പത്ത് നേടുന്നതിനുള്ള അധികാരിയായി മാറിയിരിക്കുന്നു. സദാ സ്വന്തം ഭാഗ്യത്തെ ഓർമ്മ വയ്ക്കുക  ഞാൻ ബാബയെ തിരിച്ചറിഞ്ഞിരിക്കുന്നു.

ശരി ഡബിൾ വിദേശികൾ കൈ ഉയർത്തു. വളരെ നല്ലത്. ഡബിൾ വിദേശികളോട് ബാപ്ദാദ പറയുന്നു  ബ്രഹ്മാവിന്റെ സങ്കൽപത്തിന്റെ രചനകളാണ്. ഒന്നുണ്ട് നേരിട്ട് മുഖത്തിലൂടെയുള്ള വംശാവലി, മറ്റൊന്ന് സങ്കൽപത്തിലൂടെയുള്ള വംശാവലി. അപ്പോൾ സങ്കൽപശക്തി വളരെ മഹത്താകുന്നു. സങ്കൽപശക്തി തീവ്രമാണ് എന്ന പോലെ ഇങ്ങനെ തന്നെ താങ്കളുടെ രചന ഡബിൾ വിദേശികൾ ഫാസ്റ്റ് പുരുഷാർഥവും ഫാസ്റ്റ് പ്രാലബ്ധവും അനുഭവം ചെയ്യുന്നവരാണ് അതിനാൽ മുഴുവൻ ബ്രാഹ്മണ പരിവാരത്തിൽ ഡബിൾ വിദേശികൾ ഡബിൾ സിക്കിലധേ ആണ്. ഭാരതത്തിലെ സഹോദരീ സഹോദരൻമാർ താങ്കളെ കണ്ട് സന്തോഷിക്കുന്നു, ആഹാ ഡബിൾ വിദേശികളേ ആഹാ! ഡബിൾ വിദേശികൾക്ക് സന്തോഷമാകുന്നില്ലേ? എത്ര സന്തോഷമുണ്ട്? വളരെയുണ്ടോ? തുലനം ചെയ്തു നോക്കാൻ ഇങ്ങനെ ഒരു സാധനവുമില്ല. ഡബിൾ വിദേശത്തും കേട്ടുകൊണ്ടിരിക്കുകയാണ്, കണ്ടുകൊണ്ടും ഇരിക്കുകയാണ്. നല്ലതാണ് ഈ സയൻസിന്റെ സാധനങ്ങൾ താങ്കൾക്ക് പരിധിയില്ലാത്ത സേവനം ചെയ്യുന്നതിൽ വളരെ സഹായം നൽകുന്നു, സഹജമായ സേവനം ചെയ്യിക്കുന്നു. താങ്കളുടെ സ്ഥാപനയുടെ കണക്ഷനിലൂടെ തന്നെ ഈ സയൻസിന്റെയും  തീവ്രഗതി ഉണ്ടായിരിക്കുന്നു.

ശരി എല്ലാ പാണ്ഡവരും സമർത്ഥരല്ലേ? ദുർബലരല്ലല്ലോ എല്ലാവരും സമർത്ഥരല്ലേ? ശക്തികളോ, ബാബയ്ക്ക് സമാനമാണോ? ശക്തിസേനയാകണം. ശക്തികളുടെ ശക്തി മായാജിത്ത് ആക്കുന്നതാണ് ശരി. ഇന്ന് വിശേഷ അലങ്കാരം ചെയ്യുന്നവരും വന്നിട്ടുണ്ട് ( കൽക്കത്തയിലെ സഹോദരീസഹോദരൻമാർ പുഷ്പവുമായി വന്നിട്ടുണ്ട്, എല്ലാ സ്ഥലവും പുഷ്പങ്ങളാൽ വളരെ നന്നായി അലങ്കരിച്ചിട്ടുണ്ട് ) ഇതും സ്നേഹത്തിന്റെ ലക്ഷണമാണ്. നല്ലതാണ് തന്റെ സ്നേഹത്തിന്റെ തെളിവ് നൽകി. ശരി ടീച്ചർമാർ കൈ  ഉയ

ർത്തു. ഓരോ ഗ്രൂപ്പിലും ധാരാളം ടീച്ചേഴ്സ് വരുന്നുണ്ട്. ടീച്ചർമാർക്ക് നല്ല അവസരം ലഭിക്കുന്നു. സേവനത്തിന്റെ പ്രത്യക്ഷ ഫലം ലഭിക്കുന്നു. നല്ലതാണ് ഇപ്പോൾ തന്റെ ഫീച്ചേഴ്സിലൂടെ(സ്വരൂപത്തിലൂടെ) എല്ലാവർക്കും ഫ്യൂച്ചറിന്റെ(ഭാവിയുടെ) സാക്ഷാൽക്കാരം ചെയ്യിക്കൂ. കേട്ടോ, എന്തു ചെയ്യണം എന്ന്. ശരി .

മധുബൻകാർ കൈ ഉയർത്തു. വളരെ നല്ലത്. മധുബൻകാർക്ക് ധാരാളം അവസരം ലഭിക്കുന്നു അതിനാൽ ബാപ്ദാദ പറയുന്നു മധുബൻകാർ ആത്മീയ ചാൻസലർമാരാണ്. ചാൻസലർ അല്ലേ? സേവനം ചെയ്യേണ്ടിവരും. എന്നാലും എല്ലാവരെയും മധുബൻ നിവാസികൾ സംപ്രീതരാക്കിയെടുക്കുന്നുണ്ടല്ലോ! അതിനാൽ ബാപ്ദാദ മധുബൻകാരെ ഒരിക്കലും മറക്കുന്നില്ല. മധുബൻ നിവാസികളെ പ്രത്യേകിച്ച് ഓർമ്മിക്കുന്നു. മധുബൻകാരെ എന്തിന് ഓർമ്മിക്കുന്നു? എന്തെന്നാൽ മധുബൻകാർ ബാബയുടെ സ്നേഹത്തിൽ ഭൂരിപക്ഷം പാസ് ആണ് . ഭൂരിപക്ഷത്തിനും ബാബയോട് മുറിയാത്ത സ്നേഹമാണ്. കുറഞ്ഞവരല്ല മധുബൻകാർ വളരെ നല്ലതാണ്.

**ഇൻഡോർ സോണിന്റെ സേവാധാരികൾ വന്നിട്ടുണ്ട്** : ഇൻഡോർ സോണുകാർ കൈ ഉയർത്തു. ധാരാളമുണ്ട് നല്ലത്. സേവനം ചെയ്യുക അർത്ഥം സമീപം വരുന്നതിന്റെ ഫലം കഴിക്കുക. സേവനത്തിന്റെ അവസരം എടുക്കുക അർത്ഥം പുണ്യം ശേഖരിക്കുക. ആശിർവാദങ്ങൾ ശേഖരിക്കുക. അപ്പോൾ എല്ലാ സേവാധാരികളും തന്റെ പുണ്യത്തിന്റെ സമ്പാദ്യം ശേഖരിച്ചു. ഈ ആശീർവാദങ്ങൾ അഥവാ പുണ്യം എക്സ്ട്രാ ലിഫ്റ്റിന്റെ ജോലി ചെയ്യുന്നു.

നല്ലത് ദേശത്തും വിദേശത്തും ആര് ദൂരെ ഇരുന്നുകൊണ്ടും സമീപത്താണോ എല്ലാ കുട്ടികൾക്കും ബാപ്ദാദ സ്നേഹത്തിന്റെ ദിവസത്തിന്റെ പകരമായി കോടിമടങ്ങ് സ്നേഹത്തിന്റെ സ്നേഹസ്മരണ നൽകുകയാണ്. ബാപ്ദാദ കാണുകയാണ് എവിടെ എന്ത് നടക്കുന്നുവോ, എവിടെ എന്ത് സമയമാണോ എല്ലാവരും തെളിഞ്ഞ ജ്യോതിയായി അക്ഷീണരായി കേട്ടുകൊണ്ടിരിക്കുകയാണ് സന്തോഷിക്കുകയാണ്. ബാപ്ദാദ കുട്ടികളുടെ സന്തോഷം കാണുകയാണ്. പറയൂ എല്ലാവരും സന്തോഷത്തിൽ നൃത്തം ചെയ്യുകയല്ലേ? എല്ലാവരും തലയാട്ടുകയാണ് അതേ ബാബാ. ജനക് കുട്ടിയും വളരെ മധുര മധുരമായി പുഞ്ചിരിക്കുകയാണ്. അങ്ങനെ എല്ലാവരെയും ബാബയ്ക്ക് ഓർമ്മയുണ്ട് പക്ഷേ എത്ര പേരുടെ പേരെടുത്ത് പറയും. അനേകം കുട്ടികൾ ഉണ്ട് അതിനാൽ ബാപ്ദാദ പറയുന്നു ഓരോ കുട്ടിയും തന്റെ പേരിൽ വ്യക്തിപരമായി സ്നേഹസ്മരണ സ്വീകരിച്ചു കൊണ്ടിരിക്കുന്നു സ്വീകരിച്ചു കൊണ്ടിരിക്കുക. ശരി ഇപ്പോൾ ഒരു സെക്കൻഡിൽ നിരാകാരി സ്ഥിതിയിൽ സ്ഥിതിചെയ്യു. (ബാപ്ദാദ ഡ്രിൽ ചെയ്യിച്ചു )

**ലിവിങ് വാല്യൂസിന്റെ ട്രെയിനിങ് നടന്നുകൊണ്ടിരിക്കുകയാണ്:** ശരി സേവനത്തിന്റെ മാർഗ്ഗമാണ്. ലിവിങ് വാല്യൂ ചെയ്യിച്ച് ചെയ്യിച്ച് തന്റെ ലൗലി ലിവിങ്ങിന്റെ അഭ്യാസം വർധിപ്പിച്ചു കൊണ്ടിരിക്കുക.

ശരി ബാപ്ദാദ ഇന്ന് ഒരു കാര്യം ഗുൽസാർ കുട്ടിയോട് പറയുകയായിരുന്നു, വിശേഷ ആശംസ നൽകുകയായിരുന്നു ബ്രഹ്മാശരീരത്തിന്റെ സേവനം ഈ രഥം പോലും 33 വർഷം പൂർത്തിയാക്കി . ഇതും ഡ്രാമയിലെ പാർട്ടാണ്. ബാബയുടെ സഹായവും കുട്ടിയുടെ ധൈര്യവും രണ്ടും ചേർന്ന് പാർട്ട് അഭിനയിക്കുന്നു. നല്ലത് !

സർവ്വരും സദാ സ്നേഹത്തിന്റെ സാഗരത്തിൽ അലിഞ്ഞുകൊണ്ട് സദാ സ്നേഹത്തിൽ ലൗലീനമായിരിക്കുന്ന് സദാ ചെയ്യിക്കുന്ന ആത്മാ സ്വരൂപത്തിൽ സ്ഥിതി ചെയ്ത്, സദാ മൂന്ന് വാക്കുകളുടെ ശിവ മന്ത്രത്തെ പ്രത്യക്ഷ ജീവിതത്തിൽ കൊണ്ടുവരുന്ന സദാ ബാബയ്ക്ക് സമാനം മാസ്റ്റർ മുക്തി ദാതാവായി വിശ്വത്തിലെ ആത്മാക്കൾക്ക് മുക്തി നൽകുന്ന ഇങ്ങനെയുള്ള സർവ്വശ്രേഷ്ഠ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്തേയും.

**ദാദിജിയോട്** : ഇന്നത്തെ ദിവസം ബാബ കുട്ടികളെ വിശേഷിച്ച് വിശ്വത്തിനു മുന്നിൽ പ്രത്യക്ഷപ്പെടുത്തി . ബാബ ചെയ്യിക്കുന്നവനായി കുട്ടികളെ ചെയ്യുന്നവരാക്കി. നല്ലതാണ് ഈ സ്നേഹത്തിന്റെ അല എല്ലാവരെയും അലിയിക്കുന്നു. ശരി, ഈ ശരീരത്തെ നടത്തിക്കുവാനുനുള്ള വിധിയും അറിഞ്ഞല്ലോ ! നടത്തിച്ച് നടത്തിച്ച് ബാപ്സമാനം അവ്യക്തമായി മാറും. സഹജപുരുഷാർത്ഥമാണ് ആശീർവാദങ്ങൾ . മുഴുവൻ ദിവസത്തിൽ ആരും നീരസത്തിലല്ല, എല്ലാവരുടെയും ആശിർവാദങ്ങൾ ലഭിക്കട്ടെ ഇതാണ് ഫസ്റ്റ് ക്ലാസ് പുരുഷാർത്ഥം. സഹജവുമാണ്, ഫസ്റ്റുമാണ്. ശരിയല്ലേ ! ശരീരം എങ്ങനെയായാലും പക്ഷേ ആത്മ ശക്തിശാലി ആണല്ലോ ! അപ്പോൾ താങ്കൾ എല്ലാ കുട്ടികളും 14 വർഷം തപസ്യ ചെയ്തുല്ലോ, ആ തപസ്യയുടെ ബലം സേവനം ചെയ്യിക്കുകയാണ്. ഇപ്പോൾ താങ്കളുടെ ധാരാളം കൂട്ടുകാർ ഉണ്ടായിട്ടുണ്ട്. നല്ല നല്ല സേവനത്തിന്റെ കൂട്ടുകാരാണ്. താങ്കളെ കണ്ട് സന്തോഷിക്കുന്നു, ഇതു തന്നെ ഏറ്റവും വലിയ കാര്യമാണ്. ശരി.

വരിഷ്ഠരായ മുതിർന്ന സഹോദരന്മാരോട് : ഡ്രാമയനുസരിച്ച് സേവനത്തിന്റെ എന്ത് പദ്ധതിയാണ് ഉണ്ടാക്കുന്നത്, അത് നന്നായി ചെയ്തു കൊണ്ടിരിക്കുന്നു, ഓരോരുത്തരും സദാ സംഘടനയിൽ സ്നേഹം ആശിർവാദം നേടുന്നതിന് വേണ്ടി ബാലകനിൽ നിന്ന് അധികാരിയുടെ പാഠം പക്കയാക്കി പരസ്പരം

മുന്നോട്ടു ഉയർത്തിക്കൊണ്ട് പരസ്പര അഭിപ്രായങ്ങൾക്കും ബഹുമാനം നൽകിക്കൊണ്ട് മുന്നോട്ട് ഉയരുന്നു എങ്കിൽ സഫലത തന്നെ സഫലതയാണ്. സഫലത ഉണ്ടാകേണ്ടത് തന്നെയാണ്. എന്നാൽ ഇപ്പോൾ ആരാണ് നിമിത്ത ആത്മാക്കൾ അവരെ വിശേഷിച്ച് സ്നേഹത്തിന്റെ സംബന്ധത്തിൽ കൊണ്ടുവരിക; ഇത് എല്ലാവരുടെയും പുരുഷാർഥത്തെ തീവ്രമാക്കലാണ്. സ്നേഹം നിസ്വാർത്ഥ സ്നേഹം. എവിടെയാണോ നിസ്വാർത്ഥ സ്നേഹമുള്ളത് അവിടെ ബഹുമാനം നൽകുകയും ചെയ്യും നേടുകയും ചെയ്യും. വർത്തമാനസമയം സ്നേഹത്തിന്റെ മാലയിൽ എല്ലാവരെയും ഓർക്കുക ഇതാണ് വിശേഷ ആത്മാക്കളുടെ കാര്യം,ഇതിലൂടെ തന്നെ സ്നേഹത്തിന് സംസ്കാരങ്ങളെ പരിവർത്തനവും ചെയ്യിക്കാൻ കഴിയും. ജ്ഞാനം ഓരോരുത്തരുടെയും പക്കൽ ഉണ്ട് എന്നാൽ സ്നേഹം എങ്ങനെയുള്ള സംസ്കാരമുള്ള ആത്മാക്കളെയും സമീപത്ത് കൊണ്ടുവരുന്നു. കേവലം സ്നേഹത്തിന്റെ രണ്ടു വാക്ക് സദാ അവരുടെ ജീവിതത്തിന്റെ ആശ്രയമായി മാറുന്നു. നിസ്വാർത്ഥ സ്നേഹം എത്രയും വേഗം മാലയെ തയ്യാറാക്കി തരുന്നു. ബ്രഹ്മ ബാബ എന്താണ് ചെയ്തത്? സ്നേഹത്തിലൂടെ തന്റേതാക്കി. അപ്പോൾ ഇന്ന് ഇതിന്റെ ആവശ്യകതയാണ്. ഇങ്ങനെയല്ലേ !

(സോണിപത്തിന് മീറ്റിംഗ് നടക്കുകയാണ് അവിടെ അനുഭൂതി ചെയ്യിക്കുന്നതിന് വേണ്ടി സാധനങ്ങളെ എങ്ങനെ ഉപയോഗിക്കാം ) പദ്ധതി ഉണ്ടാക്കി കൊണ്ടിരിക്കുകയാണ്, ഓരോരുത്തരുടെയും സങ്കല്പങ്ങളെ അഭിപ്രായങ്ങളെ വിശേഷിച്ചും ഭൂരിപക്ഷം ആളുകൾ സ്വീകരിക്കുന്നത് തയ്യാറാക്കൂ. അനുഭൂതി സ്വരൂപമാകുമ്പോഴാണ് അനുഭൂതി ചെയ്യിക്കാൻ സാധിക്കുക. ശരി

**വരദാനം : ദൃഢതയുടെ ശക്തിയിലൂടെ സഫലത പ്രാപ്തമാക്കുന്നവരായ ത്രികാലദർശി ആസനധാരിയായി ഭവിക്കട്ടെ.**

ദൃഢതയുടെ ശക്തി ശ്രേഷ്ഠ ശക്തിയാണ് ആലസ്യത്തിന്റെ ശക്തിയെ സഹജമായി പരിവർത്തനപ്പെടുത്തിത്തരുന്നു. ബാപ്ദാദയുടെ വരദാനമാണ് എവിടെ ദൃഢതയുണ്ടോ അവിടെ സഫലതയുണ്ട്. കേവലം സമയം അനുസരിച്ച് വിധിയോടെ സിദ്ധീ സ്വരൂപമാകൂ.ഏതൊരു കർമ്മം ചെയ്യുന്നതിന് മുമ്പും അതിന്റെ ആദി മധ്യ അന്ത്യത്തെ ആലോചിച്ചു മനസ്സിലാക്കി കാര്യം ചെയ്യൂ, ചെയ്യിപ്പിക്കൂ. അതായത് ത്രികാലദർശി സിംഹാസനധാരിയാകൂ. എങ്കിൽ ആലസ്യം സമാപ്തമാകുന്നു. സങ്കല്പമാകുന്ന ബീജം സത്യശാലി ദൃഢത സമ്പന്നമാകണം എങ്കിൽ വാക്കിലും കർമ്മത്തിലും സഹജമായി സഫലതയുണ്ട്.

**സ്ലോഗൻ: സദാ സന്തുഷ്ടമായി സർവ്വരേയും സന്തുഷ്ടമാക്കുന്നവരാണ് സന്തുഷ്ടമണി**